ഖുത്ബ
1.08.08
ബയ്ത്തുല്‍ ഫുത്തൂഹ്, ലണ്ടന്‍

# യു.കെ.ജല്‍സ സമാപിച്ചു

فَاذْكُرُوْنِيْٓ اَذْكُرْكُمْ وَاشْكُرُوْا لِيْ وَلَا تَكْفُرُوْنِ

അല്‍ഹംദുലില്ലാഹ്. യുകെ ജമാഅത്തിന്റെ ജല്‍സാസാലാന അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ഐശ്വര്യങ്ങളും കാണിച്ചുകൊണ്ട് കഴിഞ്ഞ ഞായറാഴ്ച സമാപിച്ചു. ഞാന്‍ ആദ്യമേ പറഞ്ഞിരുന്നതുപോലെ, ബ്രിട്ടനിലെ ജല്‍സയ്ക്ക് സ്വയമേവ ഒരു കേന്ദ്ര ജല്‍സയുടെ സ്ഥാനം ലഭ്യമായിരിക്കുന്നു. ലോകത്തുള്ള അഹ്മദികളെല്ലാം ഇത് പ്രതീക്ഷിച്ചിരിക്കുന്നു. അതിനായി തയ്യാറെടുപ്പ് നടത്തുന്നു. പറന്നുവരാന്‍ കഴിവുള്ളവര്‍ ഇതില്‍ പങ്കെടുക്കാന്‍ ശ്രദ്ധിക്കുകയും ചെയ്യുന്നു. അല്പസ്വല്പം സ്വരുക്കൂട്ടി വെച്ചിരിക്കുന്ന പാവപ്പെട്ടവരും, അത് ചെലവഴിച്ച് ഈ ജല്‍സയില്‍ പങ്കെടുക്കാന്‍ ശ്രമിക്കുന്നു. ജല്‍സയില്‍ മാത്രം പങ്കെടുത്തു അവര്‍ മടങ്ങിപ്പോകുകയും ചെയ്യുന്നു. ഈ വര്‍ഷം പലയാളുകളും അങ്ങനെ വന്നിട്ടുള്ളതായിക്കണ്ടു. അവര്‍ ജല്‍സയില്‍ പങ്കെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രം വരികയും, ജല്‍സ കഴിഞ്ഞ് പിറ്റേന്നുതന്നെ തിരിച്ചുപോകുകയും ചെയ്തു. കുറച്ചാളുകള്‍ ഈ ജുമുഅ ദിവസംവരെ പ്രതീക്ഷിച്ചുനില്ക്കുന്നവരുമുണ്ട്. നാളെയോ മറ്റെന്നാളോ അവരും മടങ്ങിപ്പോകും. ചിലരെ എനിക്കറിയാം. ഇത്ര ചെലവഴിച്ച് ഇവിടെ വരാന്‍മാത്രം കഴിവുള്ളവരല്ല അവര്‍; പ്രത്യേകിച്ച് പാക്കിസ്ഥാനില്‍ നിന്നുവരുന്നവര്‍. പക്ഷേ, ജല്‍സയില്‍ പങ്കെടുക്കുന്നവര്‍ക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദുആയുടെ അനുഗ്രഹം എടുക്കുന്നതിനും, കാലത്തിന്റെ ഖലീഫയെ കാണുന്നതിനു വേണ്ടിയാണ് അവര്‍ വന്നിട്ടുള്ളത്. ഇപ്രാവശ്യം ലോകത്തിന്റെ വിവിധ ഭാഗങ്ങളില്‍നിന്ന് ധാരാളമാളുകള്‍ വിസയ്ക്കുവേണ്ടി അപേക്ഷിച്ചിരുന്നു. പക്ഷേ, അവരുടെ അപേക്ഷ നോക്കുമ്പോള്‍, വളരെ കുറച്ചുപേര്‍ക്കു മാത്രമേ വിസ ലഭിച്ചിട്ടുള്ളൂ. വിസ നിഷേധിക്കപ്പെട്ടവര്‍ വളരെ വികാരനിര്‍ഭരമായ നിലയില്‍ തങ്ങളുടെ വിഷമം പ്രകടിപ്പിച്ചു. പക്ഷേ, യഥാര്‍ത്ഥമായ മാനസികവിഷമം, സ്വന്തമായി മാര്‍ഗ്ഗങ്ങളൊന്നുമില്ലാത്ത ആളുകളുടെ കത്തുകളില്‍നിന്ന് മനസ്സിലാകുന്നുണ്ട്; ഇപ്രാവശ്യമല്ലെങ്കില്‍ അടുത്തപ്രാവശ്യമെങ്കിലും തങ്ങള്‍ക്ക് അല്ലാഹുതആല വിസ കിട്ടാന്‍ എന്തെങ്കിലും വഴി കാണിച്ചുതരുമെന്ന് അവര്‍ പ്രതീക്ഷിക്കുന്നു. ഇങ്ങനെ വികാരപരമായ നിലയില്‍ തങ്ങളുടെ വിഷമത്തിന്റെയും ഖിലാഫത്തിന്റെ സാമീപ്യത്തില്‍നിന്ന് അകന്നു വസിക്കുന്നതിന്റെയും അവസ്ഥ അവര്‍ പ്രകടിപ്പിക്കുമ്പോള്‍, അത് വിവരിക്കുകയെന്നതുതന്നെ വേറെ കാര്യമാണ്. അത്തരം കത്തുകള്‍ വായിക്കുമ്പോഴും വിഷമം ഉണ്ടാകുന്നു. എത്രയും വേഗം ഈ അകല്‍ച്ച, സാമീപ്യത്തിലേക്ക് മാറുന്നതിനായി ദുആ ചെയ്യുക. ഇവിടെ വരുന്നതിനോ, അല്ലെങ്കില്‍ ഖാദിയാനിലെ ജല്‍സയില്‍ പങ്കെടുക്കുന്നതിനോ എത്രമാത്രം ശ്രമിച്ചാലും, കുറച്ചാളുകള്‍ക്കല്ലാതെ പങ്കെടുക്കാന്‍ കഴിയാത്ത അവസ്ഥയാണുള്ളത്. എന്നാല്‍, പാക്കിസ്ഥാനില്‍ ലക്ഷക്കണക്കിനാളുകള്‍ പങ്കെടുക്കുന്ന ജല്‍സകളാണ് നടന്നുവന്നിരുന്നത്. റബ്വ എന്ന ചെറുപട്ടണത്തില്‍, നിന്നുതിരിയാന്‍ പറ്റാത്തവിധം ജനക്കൂട്ടം ഉണ്ടാകുമായിരുന്നു. വിസ്മയകരമായ ഭംഗിയായിരുന്നു എങ്ങും. എല്ലായിടത്തും ഒരു അത്ഭുതകരമായ ആത്മീയാന്തരീക്ഷം രൂപംകൊള്ളുമായിരുന്നു.

റബ്വയിലെ ജല്‍സകളെ ഓര്‍മ്മിപ്പിക്കുന്നതാണ് ഇവിടുത്തെ ജല്‍സ. ഇന്‍ശാഅല്ലാഹ്. റബ്വയുടെ സൗന്ദര്യം വീണ്ടും സ്ഥാപിതമാകുന്ന ആ കാലം വരികതന്നെ ചെയ്യും. പാക്കിസ്ഥാനി അഹ്മദികളും ഒരു തേജോവിലാസത്തോടുകൂടി അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുന്നവരായി കാണുന്നതാണ്. നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) മക്കാവിജയാവസരത്തില്‍ ഒട്ടകത്തിന്റെ പുറത്തിരുന്ന് സുജൂദ് ചെയ്തുകൊണ്ട് സ്ഥാപിച്ചുകാണിച്ച ആ മാതൃക അവരുടെ മുമ്പിലുണ്ടാകും. എന്നാല്‍, ഈ നന്ദിയുടെ സുജൂദ് ചെയ്യാന്‍ ഭാഗ്യം കിട്ടുന്നതിനുവേണ്ടിയും നബി(സ) യുടെ മാതൃകാജീവിതത്തിലൂടെ സഞ്ചരിച്ചുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ ഓരോ ദിവസവും സുജൂദു

കൾ കൊണ്ട് അലങ്കരിക്കേണ്ടതായിവരുമെന്ന കാര്യം ഓർമ്മിക്കുക. എല്ലാ അകൽച്ചകളും നിയന്ത്രണങ്ങളും ഉണ്ടായിട്ടും എം.ടി.എ ചാനൽ മുഖേന അല്ലാഹു നമ്മ ളിൽ ഔദാര്യം ചെയ്തിരിക്കുകയാണ്. അതുകൊണ്ട് ഒരു പരിധിവരെ പാക്കിസ്ഥാനിൽ വസിക്കുന്നവർ അല്ലെങ്കിൽ സ്വതന്ത്രമായി നമ്മുടെ ജൽസ നടത്താൻ സാധിക്കാത്ത സ്ഥലത്ത് വസിക്കുന്നവർ തങ്ങളുടെ ദാഹം ശമിപ്പിക്കുന്നു. ജൽസയിൽ പങ്കെടുക്കാൻ കഴി യാത്ത പാക്കിസ്ഥാനിലെ അഹ്മദികൾ ടിവി സ്ക്രീനിൽ ജൽസയുടെ ദൃശ്യങ്ങൾ കാണുന്നു. അവർ ദുആകളിൽ പങ്കെടുക്കുകയും ചെയ്യുന്നു. ചിലർ കൃത്യ മായി ജൽസയുടെ അന്തരീക്ഷം സൃഷ്ടിച്ച് വീടുകളിൽ ലങ്കർഖാനയിൽ ഉണ്ടാക്കുന്നതുപോലുള്ള ഭക്ഷണ ങ്ങൾ- ആലുഗോശ്ത്, ദാൽ തുടങ്ങിയ ഭക്ഷണപ ദാർത്ഥങ്ങൾ പാകംചെയ്യുന്നു. അങ്ങനെ തങ്ങളുടെ ആഗ്രഹം ഒരുപരിധിവരെ നിറവേറ്റുന്നു. അവരുടെ ആഗ്രഹം ഒരുതരത്തിൽ നിറവേറ്റപ്പെടുമെങ്കിലും അവരെ കാണാനുള്ള എന്റെ ആഗ്രഹം സ്ക്രീനിന്റെ കണ്ണുകൊണ്ട് പൂർണ്ണമാവുകയില്ല. പക്ഷേ, അല്ലാഹു വിന്റെ അനുഗ്രഹത്താൽ ഭാവനയുടെ കണ്ണുകളാൽ ഞാനും ആ ദൃശ്യങ്ങൾ കാണുന്നു.

ജൽസ തീരുമ്പോൾ, ആ ദൃശ്യങ്ങളെക്കുറിച്ച് വിവ രിച്ചുപറയാറുണ്ട്. അല്ലാഹു ലോകത്തുള്ള ഓരോ രാജ്യ ത്തിലേയും അഹ്മദികൾക്ക് എം.ടി.എ ചാനൽ മുഖേന ജൽസയിൽ പങ്കെടുക്കാനുള്ള തൗഫീഖ് നല്കുന്നു വെന്നത് അവന്റെ ഔദാര്യമാണ്. പാക്കിസ്ഥാനി അഹ്മ ദികൾ നന്ദി പ്രകടിപ്പിച്ചുകൊണ്ട് അല്ലാഹുവിന്റെ തിരു സന്നിധിയിൽ കൂടുതൽ കുനിയേണ്ടതാണ്. അല്ലാഹു എല്ലാവർക്കും ഇതിന് സൗഭാഗ്യം നല്കുമാറാകട്ടെ. ജൽസയിൽനിന്നാണ് ഞാൻ സംസാരിച്ചു തുടങ്ങിയ ത്. അതിനെക്കുറിച്ചാണ് ഞാനിന്ന് പറയേണ്ടതും. പക്ഷേ, ഇടയ്ക്കുവെച്ച് പാക്കിസ്ഥാന്റെ വിഷയം തുട ങ്ങിപ്പോയതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ. ജൽസ വളരെ വിജയത്തോടെയാണ് സമാപിച്ചത്. ജൽസ കഴിഞ്ഞതിനുശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ആശംസകൾ അടങ്ങിയ കത്തുകളും ഫാക്സുകളും വരാൻ തുടങ്ങിയിട്ടുണ്ട്. ഈ വർഷത്തെ ജൽസയ്ക്ക് പ്രത്യേകമായ പ്രാധാന്യമുണ്ട്. എനിക്ക് നിത്യവും ലഭിക്കുന്ന കത്തുകൾ അധികവും ആശംസ കളർപ്പിച്ചുകൊണ്ടുള്ളതാണ്. ഇത് ഏപ്രിൽ മുതലാണ് ആരംഭിച്ചത്; ഘാനയിലേയും നൈജീരിയായിലേയും ജൽസ മുതൽതന്നെ. ജൽസയുടെ അടിസ്ഥാനത്തിൽ- പ്രത്യേകിച്ച് ഖിലാഫത്ത് ജൂബിലി ജൽസയുടെ അടി സ്ഥാനത്തിൽ വിവിധ രാജ്യങ്ങളിൽനിന്ന്, പ്രത്യേകിച്ച് പാക്കിസ്ഥാനിൽനിന്ന് വരുന്ന കത്തുകൾ വലിയ വികാ രനിർഭരമായിട്ടുള്ളതാണ്. എന്തായാലും പരമ്പരാഗതരീ തിയനുസരിച്ച് ഇന്ന് യുകെ ജൽസയുടെ അടിസ്ഥാന ത്തിൽ ജനങ്ങളുടെ അഭിപ്രായങ്ങളും അതുപോലെ തന്നെ ഒരു അഹ്മദി എങ്ങനെയാണ് അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടത് എന്നതിനെക്കുറിച്ചും ചുരു ക്കിപ്പറയുന്നതാണ്.

ഞാൻ ജൽസയുടെ സമാപനദിവസം പറഞ്ഞ തുപോലെ, ഈ വർഷത്തെ ജൽസയിൽ പങ്കെടുത്ത വർ നാല്പതിനായിരത്തിൽ അധികമായിരുന്നു. ഇന്നേ വരെയുള്ള ജൽസകളിൽ ഘാനയിലെ ജൽസയായി രുന്നു ഏറ്റവും വലുത് എന്നത് ശരി. അതിൽ ഒരു ലക്ഷ ത്തിലേറെയാളുകൾ പങ്കെടുത്തിരുന്നു. പക്ഷേ, രാജ്യ ങ്ങളുടെ പ്രാതിനിധ്യം ഇവിടുത്തെ ജൽസയിലായി രുന്നു കൂടുതൽ. ഇത്രയേറെ രാഷ്ട്രങ്ങളിൽനിന്ന് ഇത്ര യധികം പ്രതിനിധികൾ പങ്കെടുത്തത് എതിരാളികൾക്ക് ഒരു പ്രഹരമാണ്. പക്ഷേ, ഇതു നമ്മെ അല്ലാഹുവി നോട് നന്ദി കാണിക്കുന്നവരാക്കി തീർക്കേണ്ടതാണ്. ഇപ്രാവശ്യവും നിരവധി അനഹ്മദികളും അമുസ്ലിം കളും ജൽസയിൽ പങ്കെടുത്തിരുന്നു. ജമാഅത്തിനെ ക്കുറിച്ച് സൽഭാവനകൾ വെച്ചുപുലർത്തുന്നവരാണിവർ. ഈ രാജ്യത്തുനിന്നും വിദേശരാജ്യങ്ങളിൽനിന്നുമുള്ള വരിൽ കുറച്ചുപേർ തങ്ങളുടെ അഭിപ്രായങ്ങൾ പറയു കയും അത് നിങ്ങൾ കേൾക്കുകയും ചെയ്തതാണ്. ഓരോരുത്തരും പൊതുവെ ജൽസയുടെ ഒരുക്കങ്ങ ളേയും ജമാഅത്തിന്റെ അധ്യാപനങ്ങളേയും പുകഴ്ത്തി പ്പറയുകയുണ്ടായി. അഹ്മദികളുടെ പെരുമാറ്റം അവരെ സ്വാധീനിച്ചു. ഈ ജൽസ സാലാന നമ്മുടെ ആത്മീയ ഉന്നമനത്തിനും ശിക്ഷണത്തിനുമുള്ള മാർഗ്ഗമാകുന്നതി നോടൊപ്പം വിവിധ നാടുകളിൽ നടക്കുന്ന ഈ ജൽസ കൾ തബ്ലീഗിന്റെ മാർഗ്ഗവുമായിത്തീരുന്നു. പ്രസംഗ ങ്ങളുടെ നിലവാരവും വളരെ ഉയർന്നതായിരുന്നു വെന്നും അത് തങ്ങൾക്ക് പുതുവെളിച്ചം നല്കിയെന്നും എല്ലാവരും പരസ്യമായി പറഞ്ഞു. താൻ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് ഒരുപാട് കേട്ടിരുന്നുവെന്നും ജമാ അത്തുമായിട്ട് അല്പം ബന്ധമുണ്ടായിരുന്നുവെന്നും എങ്കിലും മനസ്സിൽ സംശയങ്ങളും സന്ദേഹങ്ങളും ഉണ്ടായിരുന്നുവെന്നും പക്ഷേ, ഈ ജൽസ കാണു കയും ഇതിലെ പരിപാടികൾ കേൾക്കുകയും ചെയ്ത തിനുശേഷം- നമ്മുടെ കർമ്മമെന്താണ്, അധ്യാപനമെ ന്താണ് എന്ന് നേരിൽ കാണാനാണ് അദ്ദേഹം വന്ന ത്- യഥാർത്ഥ ഇസ്ലാം നിങ്ങളുടെ പക്കൽ മാത്രമാ ണെന്ന് പറയാതിരിക്കാൻ വയ്യെന്നും നൈജീരിയാ യിലെ വിദ്യാസമ്പന്നനായ ഒരു മുസ്ലിം സ്കോളർ

തുറന്നു പ്രഖ്യാപിച്ചു. ബെൽഗാരിയായിൽനിന്ന് ഒരു സംഘം വന്നിരുന്നു. അവരിലും അഹ്മദികളല്ലാത്ത ചിലർ ഉണ്ടായിരുന്നു. ജമാഅത്തുമായി മുമ്പേ ബന്ധമുണ്ടായിരുന്നവരാണവർ. അവരും ജമാഅത്തിന്റെ അധ്യാപനമെന്താണെന്നും അഹ്മദികൾ എങ്ങനെയുള്ളവരാണെന്നും നോക്കാൻ വന്നവരാണ്. ബെൽഗാരിയായും ജമാഅത്തിനെ എതിർത്തുകൊണ്ടിരിക്കുന്ന ഒരു യൂറോപ്യൻ രാജ്യമാണ്. മുസ്‌ലിം രാഷ്ട്രമാണ്. അവരുടെ മുസ്‌ലിം കൗൺസിലിന്റെ സ്വാധീനം അവിടുത്തെ ഭരണത്തിലുമുണ്ട്. അതിനാൽ ജമാഅത്തിനെ രജിസ്റ്റർ ചെയ്യാൻ അവിടെ തടസ്സമാണ്. ഈ അനഹ്മദി സംഘവും, തങ്ങൾ കേൾക്കുകയും, കാണുകയും, ജനങ്ങളുമായി ഇടപെടുകയും ചെയ്തുവെന്നും യഥാർത്ഥ ഇസ്‌ലാമായിട്ട് ഇതിനെ മാത്രമേ തങ്ങൾക്ക് കാണാൻ കഴിയുന്നുള്ളൂ എന്നും അഭിപ്രായപ്പെട്ടു.

ജൽസാ ദിനങ്ങളിൽ പൊതുവെ പുറത്തുനിന്നു വരുന്നവർക്ക് തങ്ങളുടെ അഭിപ്രായം പറയുന്നതിനും അത് നിങ്ങൾ കേൾക്കുന്നതിനുമായി അല്പസമയം നല്കാറുണ്ട്. ഒരു ഇസ്‌ലാമിക രാഷ്ട്രത്തിൽനിന്നു വന്ന ആളുകൾ തങ്ങൾക്ക് സമയം നല്കപ്പെട്ടില്ല എന്നു പരാതിപ്പെടുകയുണ്ടായി. എന്തായാലും വരുംകാലങ്ങളിൽ സംഘാടകർ ഇക്കാര്യം ഓർമ്മിക്കേണ്ടതാണ്. എല്ലാ രാജ്യക്കാർക്കും സമയം നല്കാൻ സാധ്യമല്ലെങ്കിൽ കുറഞ്ഞപക്ഷം രാജ്യങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ പ്രദേശം തിരിച്ച് അനഹ്മദികളായി വരുന്നവർക്ക് പ്രാതിനിധ്യം നല്കേണ്ടതാണ്. ജൽസയുടെ പരിപാടികളെക്കുറിച്ച് അന്യരിൽനിന്ന് എനിക്ക് കിട്ടിയ പരാതി വെറും രണ്ടെണ്ണമാണ്. ഒന്ന് തങ്ങൾക്ക് പ്രസംഗിക്കാൻ സമയം അനുവദിച്ചില്ല എന്നത്. രണ്ട് പരിപാടികൾ കൃത്യസമയത്ത് തുടങ്ങിയില്ലായെന്നത്.

വാസ്തവത്തിൽ, ഞാൻ അറിഞ്ഞിടത്തോളം എന്തെങ്കിലും കാരണത്താൽ താമസമുണ്ടായിട്ടുണ്ടെങ്കിൽതന്നെ അത് അല്പം ചില മിനുട്ടുകൾ മാത്രമായിരുന്നു. പൊതുവെ പരിപാടികൾ കൃത്യസമയത്തു തന്നെ തുടങ്ങിയിരുന്നു. ഞാൻ അവരോട് പറഞ്ഞു: 'നിങ്ങൾ കണ്ടുകൊണ്ടിരിക്കുന്ന കാര്യമാണിത്. ഇവിടുത്തെ എല്ലാ ഏർപ്പാടുകളും താൽക്കാലികമായി ചെയ്തിട്ടുള്ളതാണ്. എന്തെങ്കിലും കാരണത്താൽ അല്പം താമസിച്ചാൽതന്നെ അത് അവഗണിച്ചുകളയേണ്ടതേയുള്ളൂ. ഉദാഹരണത്തിന് ഭക്ഷണവിതരണം കൃത്യസമയത്ത് അവസാനിച്ചില്ല എന്നവർ പറഞ്ഞു, അല്ലെങ്കിൽ യാത്രാസൗകര്യങ്ങളിൽ വന്ന കുറവുകാരണം ഇവിടെ എത്തുന്നതിന് ബുദ്ധിമുട്ടുണ്ടായി. അതിഥികളായ പ്രസംഗകർ അവർക്ക് നിശ്ചയിച്ചിരുന്ന സമയത്തേക്കാൾ കൂടുതലെടുത്തു. അങ്ങനെ മറ്റു പരിപാടിയേയും അത് ബാധിക്കാനിടയായി.' അതിഥിയായ കാരണത്താൽ പ്രസംഗകനെ തടയാൻ ഞങ്ങൾക്ക് പറ്റില്ല. ഇക്കാരണത്താൽ പരിപാടികൾ വൈകുകയാണെങ്കിൽ തന്നെ ഞങ്ങളുടെ ഖേദം നിങ്ങൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ, ആക്ഷേപം പറഞ്ഞ ആ സാഹിബ് വളരെ കൃത്യനിഷ്ഠയുള്ളയാളായിരുന്നു. അതുകൊണ്ടുതന്നെ എന്തെങ്കിലും ആക്ഷേപം തിരഞ്ഞുപിടിക്കേണ്ടത് അദ്ദേഹത്തിന്റെ ആവശ്യമായിരുന്നു. പക്ഷേ, പൊതുവെ നല്ല പ്രതികരണമാണ് അദ്ദേഹത്തിൽനിന്നുണ്ടായത്. എങ്കിലും ഓരോരുത്തരും അവിടെയിരുന്ന് ജൽസയെ സ്തുതിച്ചുപറയുമ്പോൾ എന്തെങ്കിലും ആക്ഷേപം കണ്ടെത്തണമല്ലോ. അതുകൊണ്ടാണ് അദ്ദേഹം ഇതുപറഞ്ഞത്. സമയ നിയന്ത്രണം ഉണ്ടാകേണ്ടതുതന്നെയാണ്. താൻ വലിയ വലിയ കോൺഫ്രൻസുകളിൽ പങ്കെടുക്കാറുണ്ടെന്നും അതിൽ സമയനിഷ്ഠ കൃത്യമായി പാലിക്കാറുണ്ടെന്നും അദ്ദേഹം പറഞ്ഞു. 'ഞങ്ങൾ അത് നിഷേധിക്കുന്നില്ല, സമയനിയന്ത്രണം വേണ്ടതുതന്നെയാണെ'ന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചു. പക്ഷേ, താങ്കൾ പങ്കെടുത്തുവരുന്ന ആ കോൺഫ്രൻസുകളിൽ എല്ലാ സംവിധാനങ്ങളും ആദ്യമേതന്നെ അവിടെ നിലവിലുള്ളതാണ്. വിവിധ ജനവിഭാഗങ്ങളിൽപെട്ട ഇത്രയധികം ആളുകളും അവിടെ പങ്കെടുക്കാറില്ല. വിദ്യാസമ്പന്നരായിരിക്കും അവിടെ വരുന്നത്. ജനസംഖ്യയാണെങ്കിൽ പരിമിതവുമായിരിക്കും. എന്തായാലും അദ്ദേഹവുമായി സംസാരം നടന്നുകൊണ്ടിരുന്നു; ജമാഅത്തിന്റെ അച്ചടക്കവും അനുസരണവും പരസ്പര സ്നേഹവും യഥാർത്ഥത്തിൽ വളരെ ഉന്നതവും മാതൃകാപരവുമാണെന്ന് അദ്ദേഹം സമ്മതിച്ചു. (എന്നെക്കുറിച്ച്) താങ്കൾ പങ്കെടുത്ത പരിപാടികളെല്ലാം കൃത്യസമയത്തുതന്നെ തുടങ്ങിയിരുന്നുവെന്ന് പറയാൻ അദ്ദേഹം മറന്നില്ല. താങ്കൾ പറഞ്ഞ കാര്യങ്ങൾ ഇസ്‌ലാമികാധ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നുവെന്നും അത് ഉദാത്തമായിരുന്നുവെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: ''നല്ല കാര്യങ്ങളാണ് പറയുന്നതെന്നും ജനങ്ങളിൽ അനുസരണത്തിന്റെ സ്വഭാവമുണ്ടെന്നും ആത്മീയാന്തരീക്ഷമാണെന്നുമൊക്കെ താങ്കൾ പറയുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ നേതൃത്വവും ജമാഅത്തംഗങ്ങളും നല്ലതാണെന്നുള്ള താങ്കളുടെ അഭിപ്രായം താങ്കൾക്കും താങ്കളുടെ ഉലമാക്കൾക്കും മതിയായതാകേണ്ടതാണ്. ഖിലാഫത്ത് കാരണമായുള്ള ഈ നേതൃത്വം, ജമാഅത്തിനെ നേരായ പാതയിലൂടെ നയിക്കുന്നു. ജമാഅത്തിന്റെ അംഗങ്ങളിൽ അനുസരണത്തിന്റെ ഘടകവുമുണ്ട്. ഈ സന്ദേശം

താങ്കൾ ജമാഅത്തിന്നെതിരിൽ പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്ന താങ്കളുടെ ഉലമാക്കൾക്ക് നൽകുക."

ജമാഅത്തിന്റെ പക്കൽ ഖിലാഫത്തുണ്ടെന്നും തങ്ങൾക്കതില്ലെന്നും സമ്മതിക്കാതെ ഇനിയവർക്ക് നിർവ്വാഹമില്ല. ഇക്കാരണത്താൽ ഐക്യത്തിനുള്ള അവരുടെ ശ്രമം വിജയം കാണുകയില്ല. എന്തായാലും എന്നെ അവർ നേരിട്ട് ആക്ഷേപത്തിന് കുറിമാനമാക്കിയില്ല എന്നത് എന്റെ എന്തെങ്കിലും മേന്മ കൊണ്ടൊന്നുമല്ല. മറിച്ച്, അല്ലാഹുവിന് തന്റെ വാഗ്ദാനമനുസരിച്ച് ഖിലാഫത്തിന്റെ 'റൂഅ്ബ്' (മറ്റുള്ളവരിലുണ്ടാകുന്ന ആദരയുക്തമായ ഭയം) നിലനിറുത്തേണ്ടതുണ്ടായിരുന്നു. മുഖത്തുനോക്കി പറയുന്ന ചിലരും അവരിലുണ്ടാകുമെന്നത് ശരിതന്നെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നേവരെ ആരും അങ്ങനെ പറഞ്ഞിട്ടില്ല. പക്ഷേ, ആരിലാണോ അല്പമെങ്കിലും മാന്യതയുള്ളത് അവർ ആക്ഷേപം ഉന്നയിക്കുന്നതിലും മാന്യത കാണിക്കുന്നു.

എന്തായാലും ഞാനിത് പറയാൻ കാരണം, നമ്മൾ കൂടുതൽ നല്ലത് അന്വേഷിച്ചുകൊണ്ടിരിക്കണം എന്നതാണ്. അങ്ങനെതന്നെയാണ് നമ്മളുള്ളതും. അതുകൊണ്ട് വരുംകാലങ്ങളിൽ കൂടുതൽ നല്ലതിനായി പ്രവർത്തിക്കുക. അതിഥികളെ ശ്രദ്ധിക്കുന്ന കാര്യത്തിലും സമയനിയന്ത്രണത്തിന്റെ കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ പൊതുവായ നിലയിൽ ഓരോരുത്തരും ജൽസ പരിപാടികളെ ഒരുപാട് ശ്ലാഘിച്ചു പറഞ്ഞു. യുഗാണ്ട അസംബ്ലിയിലെ ഡെപ്യൂട്ടി സ്പീക്കറും ജൽസയിൽ പങ്കെടുത്തിരുന്നു. അവർ പ്രസംഗിക്കുകയും ചെയ്തു. 'സ്ത്രീകളോട് താങ്കൾ ചെയ്ത പ്രസംഗം തന്നെ വല്ലാതെ സ്വാധീനിച്ചുവെന്നു അവർ എന്നോട് പറഞ്ഞു. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് മിക്കവരും പ്രസംഗിക്കാറുണ്ട്. അവകാശങ്ങൾ വേണം എന്നതിൽ മാത്രം അത് പരിമിതമായിരിക്കും. എന്തെന്തെല്ലാം അവകാശങ്ങൾ സ്ത്രീകൾക്കുണ്ടെന്ന് ആരും പറയാറില്ല. വിശുദ്ധഖുർആന്റെ പാഠങ്ങളുടെ അടിസ്ഥാനത്തിൽ താങ്കൾ എങ്ങനെയാണോ കാര്യങ്ങൾ വിശദീകരിച്ചത് അത് താൻ ആദ്യമായി കേൾക്കുകയാണെന്നും അവർ പറഞ്ഞു. എത്രമാത്രം വ്യക്തമായ അവകാശങ്ങളാണ് സ്ത്രീകൾക്കുള്ളത്.' അവർ ക്രിസ്തീയ മതവിശ്വാസിയാണെന്ന് തോന്നുന്നു. ഇസ്ലാമിക പാഠങ്ങൾ അവരെ ഹഠാദാകർഷിക്കുകയായിരുന്നു. ഇതേ രീതിയിലുള്ള പ്രകടനം താജ്കിസ്ഥാനിൽനിന്നു വന്ന ഒരു വനിതാ രാഷ്ട്രീയനേതാവും നടത്തുകയുണ്ടായി. അവർ പറഞ്ഞു, "നിങ്ങളുടെ എല്ലാ മൂല്യങ്ങളും കണ്ടതിനും നിങ്ങൾ പറഞ്ഞ കാര്യങ്ങൾ കേട്ടതിനും താങ്കളുടെ പ്രസംഗം ശ്രവിച്ചതിനുംശേഷം ജമാഅത്തിന്റെ കൊടിക്കീഴിൽ ലോകം മുഴുവൻ വരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുകയാണ്."

നമ്മുടെ പതാകയെന്താണ്? അഹ്മദി പിടിക്കുന്ന പതാക, നബി(സ) തിരുമേനി പിടിച്ചതുതന്നെയാണ്. നബി(സ) പറഞ്ഞ പാഠങ്ങളാണ് അഹ്മദികൾ പറയുന്നത്. ലോകത്തെ മുഴുവൻ നബി(സ)യുടെ കൊടിക്കീഴിൽ കൊണ്ടുവരിക എന്നത് അഹ്മദികളുടെ ജോലി തന്നെയാണ്. ഇത് ഇൻശാഅല്ലാഹ്, ഒരുനാൾ എന്തായാലും സംഭവിക്കും.

ഒരു അഹ്മദി എനിക്ക് എഴുതുകയുണ്ടായി, കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തപ്പെട്ട കുട്ടികൾ വന്ന് വെള്ളം വിതരണം ചെയ്തുകൊണ്ടിരുന്നു. അവരിൽനിന്ന് വെള്ളം വാങ്ങുമ്പോൾ അവരുടെ മുഖത്ത് സന്തോഷം പ്രകടമായിരുന്നു. മുഖം പ്രസന്നമാകുമായിരുന്നു. ഇതേ കാര്യംതന്നെ ഐവറികോസ്റ്റിൽനിന്നു വന്ന ഒരു ക്രിസ്തുമത വിശ്വാസിയായ അതിഥിയും എന്നോട് പറയുകയുണ്ടായി. അദ്ദേഹം അവിടുത്തെ രാഷ്ട്രീയനേതാവാണ്. ഭരണതലത്തിലുള്ള വ്യക്തിയുമാണ്. അദ്ദേഹം പറയുന്നു: കുട്ടികൾ ചായയോ വെള്ളമോ വിതരണം ചെയ്യുമ്പോൾ അവരുടെ മുഖത്ത് അത്ഭുതകരമായ ശാന്തിയും സമാധാനവും പ്രകടമായിരുന്നു. അവരിൽനിന്ന് അത് വാങ്ങിയില്ലെങ്കിലോ അവരുടെ മുഖത്ത് വൈഷമ്യം ഉണ്ടാകുന്നു. അതുകൊണ്ട് അവർ എന്റെയടുക്കൽ വരുമ്പോഴെല്ലാം എനിക്ക് വേണ്ടെങ്കിലും അവരിൽനിന്ന് അത് വാങ്ങുവാൻ ഞാൻ നിർബന്ധിതനായിപ്പോയി. വാങ്ങുമ്പോൾ, അതോടൊപ്പം സന്തോഷം അവരുടെ ഹൃദയങ്ങളിൽനിന്ന് പൊട്ടിപ്പുറപ്പെട്ടുവരുന്നതായി തോന്നിയിരുന്നു.

ഇവരാണ് അഹ്മദീകുട്ടികൾ. അതിഥികൾക്ക് സേവനം ചെയ്ത് ഇവരുടെ മാനസികമായ വികാരങ്ങൾ ഹൃദയങ്ങളിൽനിന്ന് പൊട്ടിയൊഴുകുന്നു. ഭൗതികരായ ആളുകൾ എന്തുചെയ്താലും അതിലെല്ലാം അതിശയോക്തി കാണാം. പക്ഷേ, അഹ്മദികൾ- പ്രത്യേകിച്ച് ജൽസയുടെ ദിനങ്ങളിൽ ഡ്യൂട്ടി ചെയ്യുന്നവർ, വലിയവർ മുതൽ കുട്ടികൾവരെ അതിന്റെ യഥാർത്ഥ ആത്മാവ് എന്തെന്ന് മനസ്സിലാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികൾക്ക് സേവനം ചെയ്ത്, അതിന്റെ പ്രവർത്തനപരമായ ചിത്രമായിത്തീരുന്നു. കാരണം ഓരോരുത്തരുടെയും ശ്രമവും ആഗ്രഹവും അതിഥികൾക്ക് സേവനം

ചെയ്യുക മാത്രമാണ്. ഇതുതന്നെയാണ് നബി(സ) തിരുമേനിയുടെ കല്പനയും.

ഏതൊരു ഉമ്മമാരുടെ മടിത്തട്ടിൽനിന്നാണോ ഇത്തരം ആൺകുട്ടികളും പെൺകുട്ടികളും പിറവിയെടുക്കുന്നത് ആ ഉമ്മമാർ സ്തുത്യർഹരാണ്. അവർ മുഹമ്മദ് മുസ്തഫാ(സ)യോടുള്ള സ്നേഹവും ഇന്ത്യയിൽ വന്ന അഹ്മദിനോട് കൂറ് പുലർത്തിയുംകൊണ്ട് ആ മഹാത്മാവിന്റെ അതിഥികൾക്ക് സേവനം ചെയ്ത് സന്തോഷം കരസ്ഥമാക്കുന്നവരാണ്. ഒരു അതിഥി അനുസരണത്തിനുള്ള ഉദാഹരണം പറഞ്ഞത് ഇങ്ങനെയാണ്: എല്ലാവരും അങ്ങേയറ്റം ആവേശത്തിമിർപ്പോടെ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന ഒരു അവസരത്തിൽ 'നിശ്ശബ്ദത പാലിക്കുക' എന്ന് താങ്കൾ പറഞ്ഞയുടനെ അവരെല്ലാം നിശ്ശബ്ദരായി. ഈ ദൃശ്യം താനൊരിക്കലും കണ്ടിട്ടില്ലെന്നും കേട്ടിട്ടില്ലെന്നും ഇന്ന് എവിടെയും ഇത് കാണാനോ കേൾക്കാനോ സാധ്യമല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കാരണം ഇന്ന് മുഹമ്മദീ മസീഹിനോടല്ലാതെ മറ്റാരോടും ദൈവസഹായത്തെക്കുറിച്ചുള്ള വാഗ്ദാനമില്ല. ആത്മാർത്ഥതയിലും കൂറുപുലർത്തുന്നതിലും അഭിവൃദ്ധിപ്പെടുന്നവരും അനുസരണശീലരുമടങ്ങുന്ന ജമാഅത്ത് നല്കുമെന്നും മസീഹ് മൗഊദ്(അ)നോടല്ലാതെ ആരോടും അല്ലാഹു വാഗ്ദാനം ചെയ്തിട്ടില്ല. അതിനാൽ, ഹൃദയത്തിന്റെ നിയന്ത്രണം അല്ലാഹുവിന് മാത്രമാണ്. അവനുമാത്രമേ അനുസരണാവസ്ഥ അതിൽ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. അവൻ അത് ചെയ്തുകൊണ്ടേയിരിക്കും. അവനാണ് എന്നെ മുഹമ്മദീ മസീഹിന്റെ ദാസനാക്കിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദാസനാക്കി എന്നു മാത്രമല്ല ആ മഹാത്മാവിന് ശേഷം അഹ്മദിയ്യാ ഖിലാഫത്തിനോടും ആത്മാർത്ഥതയുടെയും കൂറിന്റെയും അനുസരണത്തിന്റെയും ഒരു ബന്ധം ഉണ്ടാക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ''ഈ ജമാഅത്ത് ആത്മാർത്ഥതയിലും സ്നേഹവായ്പിലും വ്യക്തമായും അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. ചിലപ്പോൾ ജമാഅത്തിന്റെ ആത്മാർത്ഥതയും സ്നേഹവും ഈമാനികാവേശവും കണ്ടിട്ട് എനിക്കുതന്നെ അത്ഭുതം തോന്നാറുണ്ട്." വീണ്ടും പറയുന്നു: "ഏതൊരു അഭിവൃദ്ധിയും പരിവർത്തനവുമാണ് നമ്മുടെ ജമാഅത്തിൽ കാണുന്നതെന്ന്, നിരീക്ഷിക്കുകയാണെങ്കിൽ അത് മറ്റൊന്നിലും കാണാൻ കഴിയുകയില്ല. ഇവരിലുണ്ടായിട്ടുള്ള പരിവർത്തനം അത്ഭുതപ്പെടുത്തുന്നു." വീണ്ടും പറയുന്നു: ''അല്ലാഹു ഇക്കാലത്ത് ഒരു സത്യസന്ധനെ അയച്ചുകൊണ്ട് അവനെ സ്നേഹിക്കുന്ന ഒരു ജമാഅത്തുണ്ടാക്കാൻ ആഗ്രഹിച്ചു." ജമാഅത്തിൽ കാണുന്ന ഈ ആത്മാർത്ഥതയും കൂറും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്ത കാരണത്താലാണ്. ജനങ്ങളോടുള്ള സ്നേഹവും ആ മഹാത്മാവിന്റെ അതിഥികളെ സൽക്കരിക്കാനുള്ള ഉത്സാഹവും ഓരോ കുട്ടിയിലും വൃദ്ധരിലും കാണുന്നുണ്ട്. ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിച്ച് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ്. ഇക്കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വാദത്തിൽ സത്യസന്ധനും അല്ലാഹുവിൽനിന്നുള്ള ആളുമാണെന്നതിന് ഏറ്റവും വലിയ തെളിവാണ്. 'സത്യസന്ധനെ അയച്ചുകൊണ്ട് അല്ലാഹുവിനെ സ്നേഹിക്കുന്നവരെ സൃഷ്ടിക്കാൻ അല്ലാഹു ആഗ്രഹിച്ചു' എന്ന് ആ മഹാത്മാവ് പറഞ്ഞതുപോലെതന്നെ, ഈ ജമാഅത്ത് സത്യസന്ധന്മാരുടെ ജമാഅത്താണെന്ന് പരസ്യമായി സമ്മതിക്കാതിരിക്കാൻ അന്യർക്കും കഴിയുന്നില്ലായെന്നത് നമ്മുടെ സൗഭാഗ്യമാണ്.

ഇപ്രാവശ്യം ജൽസക്ക് പ്രചാരണം ലഭിക്കാനുള്ള ഒരു കാരണം ജർമ്മനിയിൽനിന്ന് സൈക്കിളിൽ ജൽസയിൽ പങ്കെടുക്കാനെത്തിയ നൂറുപേരടങ്ങുന്ന അഹ്മദിയ്യാ സംഘമായിരുന്നു. ഈ സമൂഹത്തിൽ താമസിക്കുന്ന ചെറുപ്പക്കാരുടെ മനസ്സിലുള്ള ആത്മാർത്ഥതയുടെയും കൂറിന്റെയും അഹ്മദിയ്യാ ഖിലാഫത്തുമായുള്ള ബന്ധത്തിന്റെയും ഒരു പ്രകടനമാണിത്.

ഖിലാഫത്തിന്റെ നൂറുവർഷം തികഞ്ഞതിന് അവർ നൂറു പേരടങ്ങുന്ന ഒരു സൈക്കിൾ യാത്രാസംഘത്തെ തയ്യാറാക്കി. പക്ഷേ, ഇവിടെ ഒരു കാര്യം ഞാൻ വ്യക്തമാക്കട്ടെ. ഇതിനെക്കുറിച്ച് മുമ്പേയും ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. ഇതിന് ആരംഭം കുറിച്ചത് ആഫ്രിക്കയാണ്. യൂറോപ്പിൽ വസിക്കുന്ന അഹ്മദികളുടെ ത്യാഗവും വളരെയേറെയാണ്. പക്ഷേ, ചരിത്രം സത്യസന്ധമായിരിക്കണം. ഇത് ഞാൻ വിശദീകരിക്കുന്നത് എം.ടി.എയിൽ നടന്ന ഒരു ചർച്ചയിൽ ആദ്യമായിട്ടാണ് ഇത്രയും ആളുകൾ സൈക്കിൾ യാത്ര ചെയ്ത് ജൽസയിൽ പങ്കെടുക്കുന്നതെന്ന് പറഞ്ഞുകേട്ടു. ആ ചർച്ച യൂറോപ്പിന്റെ പരിധിക്കുള്ളിൽ മാത്രമാണെന്നത് ശരി. പക്ഷേ, ശംസ് സാഹിബാണെന്ന് തോന്നുന്നു കാനഡയിൽനിന്നുവന്ന സൈക്കിൾ സഞ്ചാരികളുടെ ഉദാഹരണം പറഞ്ഞുകൊണ്ട് അഹ്മദിയ്യാ ലോകത്ത് ഇതാദ്യമാണെന്ന് പറയുകയുണ്ടായി. പാക്കിസ്ഥാനിൽ ഇജ്തിമാകൾ നടന്നിരുന്നപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ ആഹ്വാനപ്രകാരം സൈക്കിളിൽ ജനങ്ങൾ

എത്താറുണ്ടായിരുന്നു. ചെറുപ്പക്കാർ തുടങ്ങിവെച്ച ഈ പരിപാടി അവർ തുടരുകയാണെങ്കിൽ പെട്രോളിന്റെ ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുകയും കുറഞ്ഞപക്ഷം ചെറുപ്പക്കാർ ഇതിൽനിന്ന് രക്ഷപ്പെടുകയും ചെയ്യും. ഇതൊരു വ്യായാമവുമാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ ഈ ആഹ്വാനംകൊണ്ട് അക്കാലത്ത് നിരവധി പ്രയോജനമുണ്ടായി. എനിക്കോർമ്മയുണ്ട് ഞാൻ ഫൈസലാബാദിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ ഈ ആഹ്വാനത്തിന്റെ അടിസ്ഥാനത്തിൽ സൈക്കിൾ ഓടിക്കുന്ന ശീലം ഉണ്ടായിരുന്നു. ഒരിക്കൽ ജൽസയ്ക്കുശേഷം ഫൈസലാബാദിലേക്ക് പോകുന്നതിനുവേണ്ടി ഞാൻ ബസ്റ്റാന്റിൽ വന്നു. അപ്പോൾ വലിയ തിരക്കായിരുന്നു. അക്കാലത്തെ സംഭവങ്ങൾ നേരിൽ കണ്ടിട്ടുള്ളവർക്ക് ഇത് നല്ലവണ്ണം അറിയാം. എന്നോടൊപ്പം എന്റെയൊരു ബന്ധുവുമുണ്ടായിരുന്നു. അരമണിക്കൂർ കാത്തിരുന്നതിനുശേഷം 'നമുക്ക് സൈക്കിളിൽ പോകാം' എന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. അങ്ങനെ ഞങ്ങൾ രണ്ടുപേരും വീട്ടിൽനിന്ന് സൈക്കിളെടുത്ത് സുഖമായി ഫൈസലാബാദിലെത്തി. അടുത്തദിവസം ഒരു പരീക്ഷയുണ്ടായിരുന്നു. അതുകൊണ്ട് പോകേണ്ടത് നിർബന്ധമായിരുന്നു. ആ ചിന്തയില്ലായിരുന്നെങ്കിൽ പിന്നേയും മണിക്കൂറുകൾ അവിടെ കാത്തുനില്ക്കേണ്ടി വരുമായിരുന്നു. സൈക്കിൾ യാത്രകൊണ്ട് വളരെ വലിയ നേട്ടമാണുണ്ടാകുന്നത്. ഈ വർഷം ഘാനയിലെ ജൽസയിൽ പങ്കെടുക്കാൻ ആഫ്രിക്കക്കാർ തുടങ്ങിവെച്ചതാണ് ഇത്. ബുർക്കിനാഫാസോയിൽനിന്ന് 300 പേരടങ്ങുന്ന ഒരു സംഘമാണ് സൈക്കളിൽ യാത്ര ചെയ്തുവന്നത്. അവർ 1600, 1700 കിലോമീറ്റർ യാത്ര ചെയ്താണ് എത്തിയത്.

ജർമ്മനിയിലെ അമീർ സാഹിബ് കരുതുന്നുണ്ടാകും, വഴിയിലൊക്കെ വലിയ തിക്കുംതിരക്കുമായിരുന്നു. അതുകൊണ്ട് വലിയ സാഹസികമായിരുന്നു അവരുടെ സൈക്കിൾയാത്ര എന്ന്. പക്ഷേ, ബുർക്കിനാഫാസോയിലെ ആഫ്രിക്കൻ യുവാക്കളുടേതും വലിയ സാഹസികയാത്ര തന്നെയായിരുന്നു. അവരുടെ വഴിയും സൈക്കിളും പൊട്ടിപ്പൊളിഞ്ഞതായിരുന്നു. എന്നല്ല, അവിടുത്തെ പത്രങ്ങളിൽ വന്ന വാർത്തയുടെ തലക്കെട്ട്, 'ഈ പൊട്ടിപ്പൊളിഞ്ഞ സൈക്കിളുകൾ അതിന്റെ ലക്ഷ്യസ്ഥാനം പ്രാപിക്കുമോ?' എന്നായിരുന്നു. ഭക്ഷണവും അവർക്ക് അത്ര നല്ലനിലയിൽ ലഭ്യമല്ലായിരുന്നു. ചൂടാണെങ്കിൽ അസഹ്യവും. ഇതെല്ലാം നോക്കുകയാണെങ്കിൽ ആ യുവാക്കൾ വലിയ ധൈര്യമാണ് കാണിച്ചതെന്ന് പറയാം.

മത്സരാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ ഖിലാഫത്ത് ജൂബിലിയുടെ ജൽസകളിൽ സൈക്കിളിൽ യാത്രചെയ്ത് പങ്കെടുക്കുന്നതിൽ ഒന്നാം സ്ഥാനത്ത് ബുർക്കിനാഫാസോയിലെ യുവാക്കളാണ്. എന്നാൽ ഇപ്പോൾ തുടങ്ങിവെച്ചിട്ടുള്ള സൈക്കിൾ യാത്രയുടെ ഒഴുക്കുകൾ നിലയ്ക്കാതെ തുടർന്നുകൊണ്ടേപോകേണ്ടതാണ്. അത് വളരെ ഗുണപ്രദമായ കാര്യമാണ്. ആഫ്രിക്കയുടെ പരീക്ഷണത്തിൽ നിന്ന് ഇക്കാര്യം സ്ഥാപിതമായിട്ടുണ്ട്; സൈക്കിൾയാത്രികരിലൂടെ തബ്ലീഗിന്റെ വഴിയും തുറക്കുന്നു. ജമാത്തിനെക്കുറിച്ചുള്ള പരസ്യം വർദ്ധിക്കുന്നു. ജർമ്മനിക്കാരുടെ യാത്ര തുടങ്ങുന്നതിനു മുമ്പേ മാധ്യമങ്ങൾ വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇവിടെ എത്തിയതിനുശേഷവും മാധ്യമങ്ങളിൽ അത് വാർത്തയായി. ഇത് തീർച്ചയായും ജമാഅത്തിനെ പരിചയപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. അല്ലാഹു ജർമ്മനിയിൽനിന്ന് വന്നിട്ടുള്ള ആ യുവാക്കളുടെ ആത്മാർത്ഥതയും കൂറും വർദ്ധിപ്പിക്കുമാറാകട്ടെ. ജമാഅത്തിലെ യുവാക്കളിലും കുട്ടികളിലും നാം ഇന്നു കാണുന്ന ഈ ത്യാഗമനോഭാവം, അവർക്ക് ഖിലാഫത്തിനോടുള്ള ആത്മാർത്ഥതയുടെയും കൂറിന്റെയും പ്രകടനമാണ്; അതായത് അല്ലാഹുവിന്റെ തൃപ്തി ലഭ്യമാകുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ പ്രവർത്തനം. അല്ലാഹുതആല അവരുടെ ആത്മാർത്ഥതയും കൂറും കൂടുതൽ വർദ്ധിപ്പിക്കുമാറാകട്ടെ.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ വിവിധ ദൃശ്യങ്ങൾ നമ്മൾ കണ്ടു. ഇത് അനഹ്മദി അതിഥികളിലും നല്ല സ്വാധീനമുണ്ടാക്കി. പലരും അത് പ്രകടിപ്പിച്ചതിന്റെ ചില ഉദാഹരണങ്ങൾ ഞാൻ പറയുകയും ചെയ്തു. ജമാഅത്തിൽ കാണുന്ന ഈ ആത്മാർത്ഥതയും കൂറും അനുസരണവും ജനങ്ങളിൽ ഉണ്ടാവുകയാണെങ്കിൽ അതായിരിക്കും ലോകത്ത് വിപ്ലവമുണ്ടാക്കുകയെന്നും അവർ പറഞ്ഞിരുന്നു. അവർ പറഞ്ഞത് തികച്ചും ശരിയായതാണ്. പക്ഷേ, ഞാൻ പറയാനാഗ്രഹിക്കുന്നത്, ഈ വികാരങ്ങൾ ലോകത്തിന്റെ മുമ്പിൽ വരുമ്പോൾ, അസൂയയും ഉണ്ടാകാറുണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ അഭയത്തിലിരിക്കാൻ, എപ്പോഴും അല്ലാഹുവിനെ ഓർമ്മിക്കേണ്ടതാണ്. അല്ലാഹുതആല എല്ലാ ഉപദ്രവത്തിൽനിന്നും എല്ലാ അഹ്മദികളേയും കാത്തുരക്ഷിക്കുമാറാകട്ടെ. ജൽസാസാലാനയുടെ ഈ എല്ലാ ഒരുക്കങ്ങളും, നമുക്കറിയാം ഇതെല്ലാം വാളണ്ടിയർമാർ മുഖേനയാണ് നടക്കുന്നത്. വിവിധ വകുപ്പുകളിലായി അവർ പ്രവർത്തിക്കുന്നു. 35, 40 വകുപ്പുകൾ പുരുഷന്മാർക്കുണ്ടായിരുന്നു. ഏകദേശം അത്രയുംതന്നെ സ്ത്രീകളിലുമുണ്ടായിരു

ന്നു. അവരിൽ പ്രവൃത്തി ചെയ്യുന്ന ഓഫീസറന്മാരുണ്ട്. നായിബ് ഓഫീസറന്മാരുമുണ്ട്. സംഘാടകരുമുണ്ട്. അവരെ സഹായിക്കുന്നവരുമുണ്ട്. ജോലിയുടെ സിംഹഭാഗവും നോക്കുന്നത് സഹായിക്കുന്നവരാണ്. അഫ്സർ കുറിപ്പെഴുതിക്കൊടുക്കുന്നു, സഹായികളാണ് പ്രവർത്തിക്കുന്നത്. അവരിൽ ആൺകുട്ടികളും പെൺകുട്ടികളും ചെറിയ പ്രായക്കാരായ യുവാക്കളുമുണ്ട്. ഇതിൽ കുറച്ച് വകുപ്പുകളെക്കുറിച്ച് എല്ലാവർക്കുമറിയാം. ഒരു വകുപ്പ് തർജമയുടേതാണ്. വിവിധ ഭാഷകളിൽ അവർ പരിപാടികൾ തർജ്ജമ ചെയ്യുന്നു. ഏകദേശം ഇപ്രാവശ്യം ജൽസയിൽ 2500 പേർക്കായി വിവിധ ഭാഷകളിൽ തർജമയുടെ ജോലി നിർവ്വഹിച്ചിരുന്നു. ഇതു സംബന്ധിച്ച് ഞാൻ വാഖ്ഫീനെ നൗ കുട്ടികളോടും പറയാനാഗ്രഹിക്കുകയാണ്, പ്രത്യേകിച്ച് പെൺകുട്ടികൾ ഭാഷ പഠിക്കുന്നതിലേക്ക് ശ്രദ്ധിക്കുക. കാരണം ഭാവിയിൽ ഇതിന്റെ ആവശ്യകത കൂടിക്കൊണ്ടിരിക്കും. ഇൻശാഅല്ലാഹ്. ഇത് പൂർത്തീകരിക്കാനായി നമുക്ക് സ്ഥിരമായി പ്രവർത്തിക്കുന്ന വാഖിഫീൻ വേണം- വാഖ്ഫീനെ നൗഇൽനിന്നേ ഇത് പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഉദ്യോഗസ്ഥന്മാർ, വിവിധ വകുപ്പുകളിലൂടെ അതിഥികളെ സേവിച്ചു. ഇവരിൽ പുരുഷന്മാരുടെയും ആൺകുട്ടികളുടേയും എണ്ണം 3500 ആയിരുന്നു. ഇപ്രകാരംതന്നെ ലജ്നയിൽ സ്ത്രീകളുടേയും പെൺകുട്ടികളുടേയും എണ്ണം 1800 ആയിരുന്നു. എല്ലാ അംഗങ്ങളും സന്തോഷത്തോടെ ആ ജോലി നിർവ്വഹിക്കുകയായിരുന്നു. ഇതിനു പുറമെ ജൽസാഗാഹിൽ എം.ടി.എയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണം ഏകദേശം 110 ആയിരുന്നു. എല്ലാവരും വാളണ്ടിയർമാരാകുന്നു. 180 പേരാണ് ഇപ്പോൾ എം.ടി.എയിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്നത്. ഇവർ വിദേശത്തുള്ള അഹ്മദികൾക്കും ജൽസ കാണാനുള്ള സൗകര്യമൊരുക്കി. അതുകൊണ്ട് ലോകത്ത് വസിക്കുന്ന എല്ലാ അഹ്മദികളും നന്ദിയെന്ന നിലയിൽ അവർക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു ഇവർക്കെല്ലാം പ്രതിഫലം നല്കുമാറാകട്ടെ. അവരാണ്, ഇവിടെ എത്തിയവർക്കും, വെളിയിലുള്ളവർക്കും ജൽസ കാണുന്നതിനും കേൾക്കുന്നതിനുമുള്ള സൗകര്യമൊരുക്കിയത്. ഇങ്ങനെ നന്ദി രേഖപ്പെടുത്താനാണ് നമ്മളോട് കല്പിച്ചിട്ടുള്ളത്. ഇപ്രകാരംതന്നെ, എല്ലാ ഉദ്യോഗസ്ഥരും അല്ലാഹുവിന് ശുക്ർ ചെയ്യേണ്ടതാണ്; അവനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാൻ അവർക്ക് കഴിവു നല്കിയത്. ഇക്കാര്യങ്ങളെല്ലാം നമ്മെ എപ്പോഴും നന്ദിയുള്ളവരാക്കുന്നു. അങ്ങനെതന്നെയാണ് ആക്കേണ്ടതും. ജൽസയിൽ പങ്കെടുക്കാൻ അവസരം കിട്ടിയവരും നന്ദി രേഖപ്പെടുത്തേണ്ടതാണ്. അല്ലാഹു എല്ലാ കാര്യങ്ങളും നല്ല നിലയിൽ പര്യവസാനിപ്പിച്ചതിനും നന്ദി പറയേണ്ടതാണ്. സേവനം ചെയ്യാൻ ഭാഗ്യം കിട്ടിയവരെല്ലാം ശുക്ർ ചെയ്യേണ്ടതാണ്.

ഈ ജൽസാന്തരീക്ഷത്തിൽ ഏതൊരു കാര്യം കാണാനും കേൾക്കാനും അവസരം കിട്ടിയോ, അല്ലാഹുവിനോട് അനുഗ്രഹം തേടിക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാനും ജൽസയിൽ പങ്കെടുത്തിട്ടുള്ളവർ ശ്രമിക്കേണ്ടതാണ്. അത്തരക്കാർക്കുവേണ്ടിയും ദുആ ചെയ്യേണ്ടതാണ്; അല്ലാഹു അവർക്ക് നന്മകളിൽ ഉയരാനും സേവനം ചെയ്യാനും എപ്പോഴും തൗഫീഖ് നല്കുമാറാകട്ടെ. ഞാൻ തിലാവത്ത് ചെയ്ത വചനത്തിലുള്ള അല്ലാഹുവിന്റെ കല്പന ഓരോരുത്തരും ഓർക്കേണ്ടതാണ്.

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഓർമ്മിച്ചുകൊണ്ട്, എപ്പോഴും ശുക്ർ ചെയ്തുകൊണ്ടിരിക്കുക. ഈ ഭൗതികലോകത്ത്, നാലുപാടും ശയ്ത്വാൻ തന്റെ എല്ലാ സാധനസാമഗ്രികളോടുംകൂടി, വഴി തെറ്റിക്കാൻ പതിഞ്ഞുനില്ക്കുകയാണ്. അഹ്മദിയുടെ ആത്മീയ പുരോഗതിക്കായി അല്ലാഹു സാഹചര്യങ്ങൾ ഒരുക്കിത്തന്നിരിക്കുന്നു. ഇന്ന് ഈ ജൽസ ആത്മീയപുരോഗതിക്ക് കാരണമാകുന്നു. ഇവിടെ ഇരിക്കുന്നവർക്കു മത്രമല്ല. മറിച്ച് ഇപ്പോൾ എം.ടി.എ ചാനൽ മുഖേന ലോകത്തെ എല്ലാ അഹ്മദികളും ഇതിൽ പങ്കെടുക്കുകയും ഈ അന്തരീക്ഷത്തിൽനിന്ന് ഫലമെടുക്കുകയും ചെയ്യുന്നു. അന്യർ ഇതിൽനിന്ന് ഫലമെടുത്ത് അത് പ്രകടിപ്പിക്കുകയും, പക്ഷേ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നവരുടെമേൽ അതിന്റെ ഒരു സ്വാധീനവും ഉണ്ടാകാതിരിക്കുകയും ചെയ്യുക എന്നത് സംഭാവ്യമല്ല. തീർച്ചയായും സ്വാധീനമുണ്ടാകും. എനിക്ക് ഇതുസംബന്ധമായി കത്ത് വന്നുകൊണ്ടിരിക്കുന്നുമുണ്ട്. ഫാക്സും വരുന്നു. ഈ ജൽസയെക്കുറിച്ചുള്ള എല്ലാവരുടേയും അഭിപ്രായം, ഒരു പ്രത്യേക അന്തരീക്ഷത്തിൽ ഈ ജൽസ നടക്കുന്നതായി കാണാൻ കഴിഞ്ഞുവെന്നതാണ്. കഴിഞ്ഞ ജൽസകളിൽനിന്നെല്ലാം ഈ ജൽസ വേറിട്ടുനിന്നു. ഇവിടെ പങ്കെടുത്തവരും ഇതു മനസ്സിലാക്കി. എം.ടി.എ ചാനൽ കണ്ടവരും ഇതു മനസ്സിലാക്കി.

ഈ എല്ലാ കാര്യങ്ങളും നമ്മെ അല്ലാഹുവിനോട് നന്ദിയുള്ളവരാക്കിത്തീർക്കണം. അപ്പോഴാണ് നാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോ

ദ്ദേശ്യം പൂർത്തീകരിക്കുന്നവരും ഈ ജൽസ സംഘ ടിപ്പിക്കുന്നതിന്റെ ഉദ്ദേശ്യം നിറവേറ്റുന്നവരുമായിത്തീ രുന്നത്. ഇതിന്നായി അല്ലാഹു പറഞ്ഞു: എന്നെ സ്മരി ച്ചുകൊണ്ടേയിരിക്കുക. എന്നെ എപ്പോഴും ഓർക്കുക. എന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുക. അല്ലാഹു പറഞ്ഞു, എന്നാൽ, ഞാനും നിങ്ങളെ ഓർമ്മിക്കുന്ന താണ്. തൽഫലമായി അല്ലാഹു നിങ്ങൾക്ക് പുരോ ഗതി നല്കിക്കൊണ്ടിരിക്കുന്നതാണ്. ഇതാണ് യഥാർത്ഥമായ നന്ദിപ്രകടനം. നന്മകളിൽ വർദ്ധനവു ണ്ടാകുകയെന്നത് നന്ദി രേഖപ്പെടുത്തലിന് അല്ലാഹു വിൽനിന്നുള്ള പ്രതിഫലമാണ്.

ശയ്ത്വാനിൽനിന്ന് എപ്പോഴും അല്ലാഹുവിനോട് അഭയം തേടിക്കൊണ്ടിരിക്കണം. നമ്മൾ കേട്ടതും പഠി ച്ചതുമായ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കു ക. ശയ്ത്വാന്റെ തന്ത്രങ്ങളിൽ പെട്ടുപോകരുത്.

ഈ കാര്യങ്ങളെല്ലാം ഓരോ അഹ്മദിയും എപ്പോഴും മുന്നിൽ കാണേണ്ടതാണ്; അല്ലാഹുവിന്റെ ഔദാര്യങ്ങളും പാരിതോഷികങ്ങളും നമ്മുടെ മേൽ പെയ്തുകൊണ്ടിരിക്കുന്നതിനുവേണ്ടി. അവൻ നമ്മെ എപ്പോഴും നബി(സ)യുടെ യഥാർത്ഥമായ ദാസരിൽ ഉൾപ്പെടുത്തുകയും, നമ്മുടെ കർമ്മങ്ങളിൽ പരിശുദ്ധ മായ മാറ്റം ഉണ്ടാക്കുകയും ആ മഹാത്മാവിന്റെ പതാ ക ലോകത്തിലെ ഓരോ രാജ്യത്തും ഓരോ നഗര ത്തിലും ഓരോ ഇടവഴികളിലും പറപ്പിക്കുകയും ചെയ്യുന്നവരാക്കിത്തീർക്കുമാറാകട്ടെ. അല്ലാഹു നമുക്ക തിന് തൗഫീഖ് നല്കുമാറാകട്ടെ.

ഒരു ഹദീഥിൽ നബി(സ) തിരുമേനി ഇങ്ങനെ ദുആ ചെയ്തതായി കാണുന്നു. ഇത് നാം എപ്പോഴും നമ്മുടെ മുമ്പിൽ വയ്ക്കേണ്ടതാണ്. "എന്റെ രക്ഷിതാവേ! നീ എന്നെ നിന്നോട് നന്ദി കാണിക്കുന്നവനും, നിന്നെ സ്മരിക്കുന്നവനും നിന്നെ ഭയപ്പെടുന്നവനും, നിന്നെ പൂർണ്ണമായും പിൻപറ്റുന്നവനും, നിന്റെ സന്നിധിയിൽ വിനയം കാണിക്കുന്നവനും ആക്കേണമേ.

അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാക ട്ടെ. നമ്മുടെ ദുആകളിൽ ഈ ദുആയ്ക്ക് പ്രാധാന്യം നല്കി, അത് സ്വീകരിക്കപ്പെടുന്നത് കാണാൻ നമുക്ക് അവൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 1.08.2008 at Baithul Futhuh, London

Translated by: Muhammad Ismail Aleppey
Mob: 9446656123, 9746058636 Resi: 0497 3294865
Page layout & Typeset : BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala